ഭരണഭാഷ മാതൃഭാഷ

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**

**(ഹാജർ : ജെറോമിക് ജോർജ് ഐ.എ.എസ് )**

കെ 5- 429151/22

തീയതി : 19 /02/2024

വിഷയം : പൊന്നുംവില നടപടി - കോസ്റ്റൽ ഹൈവേ റീച്ച്-1 - സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തൽ – വിദഗ്ധ സമിതി അംഗങ്ങളെ നാമനിർദ്ദേശം ചെയ്ത് ഉത്തരവാകുന്നത് .

സൂചന : 1. 29/06/2016 ലെ ജി .ഒ (പി ) നം.377/2016/ആർഡി തീയതി നമ്പർ സർക്കാർഉത്തരവ്

2. ഈ കാര്യാലയത്തിലെ 26/12/2017 ലെ K 6.89903/16, 20/01/2021 ലെ K6/240746 നമ്പർ നടപടിക്രമങ്ങൾ

3. റവന്യൂ (ബി ) വകുപ്പിൽ നിന്നുള്ളനിന്നുള്ള 16/08/2022ലെ ബി1/376/2021 റവ കത്ത്.

4. സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസിന്റെ 23.12.2023 ലെ പഠന റിപ്പോർട്ട്.

5. കെ.ആർ.എഫ്.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17.01.2024 തീയതിയിലെ AE /3 /KRFB/TVM/918/21 നമ്പർ കത്ത്.

6. പൂവാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 13.02.24 തീയതിയിലെ ഇ-മെയിൽ സന്ദേശം

7. കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 14.02.24 ലെ എ 2-7778/2023 നമ്പർ കത്ത്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും പുനരധിവാസത്തിനും പുനഃ സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ 7 (1) വകുപ്പിലെ പരാമർശ പ്രകാരം വിദഗ്ധ സമിതിയെ നിയമിക്കുന്നത് സംബന്ധിച്ച് പരാമർശം(1) സർക്കാർ ഉത്തരവിൽ ഓരോ പൊന്നുംവില നടപടിയിലും അംഗങ്ങൾ അടങ്ങിയ വിദഗ്ധ സമിതിയെ നിയമിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട് . പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന നോൺ ഒഫീഷ്യൽ സോഷ്യൽ സയന്റിസ്റ്റ് വിഭാഗത്തിൽ രണ്ട് പേരെ ജില്ലാ കളക്ടർ പരാമർശം (2 ) പ്രകാരം നാമനിർദ്ദേശം ചെയ്തിട്ടുള്ളതാണ് . റീഹാബിലിറ്റേഷൻ എക്സ്പെർട്ടായി 2 പേരെ നിയമിക്കുന്നതിന് പരാമർശം( 3) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ് . വിദഗ്ധ സമിതിയിൽ അവശേഷിക്കുന്ന 3 അംഗങ്ങളിൽ 2 പേർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും (ഒരു വനിത ഉൾപ്പടെ) ഒരാൾ പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധനും ആയിരിക്കണമെന്ന് പരാമർശം (1 ) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട് .

നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം, പൂവ്വാർ, കുളത്തൂർ, കരിങ്കുളം, കോട്ടുകാൽ, വെങ്ങാനൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട പൊഴിയൂർ മുതൽ കോവളം വരെയുള്ള തീരദേശ പാതയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ് . ഈ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി രൂപീകരിക്കുന്ന വിദഗ്ധ സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിനായി പരാമർശം (5) പ്രകാരം ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധന്റെ പേരും, പരാമർശം (6) ,(7) പ്രകാരം ബന്ധപ്പെട്ട തദ്ദേശ ജനപ്രതിനിധികളുടെയും ലഭ്യമായിട്ടുണ്ട് .

മേൽപരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം, പൂവ്വാർ, കുളത്തൂർ, കരിങ്കുളം, കോട്ടുകാൽ, വെങ്ങാനൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട പൊഴിയൂർ മുതൽ കോവളം വരെയുള്ള തീരദേശ പാതയുടെ (റീച്ച്-1) നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികളുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി രൂപീകരിക്കുന്ന വിദഗ്ധ സമിതിയിലേക്ക് താഴെ പറയും പ്രകാരം 7 പ്രതിനിധികളെ നാമനിർദ്ദേശം ചെയ്ത് കൊണ്ടും ഈ സമിതിയുടെ ചെയർപേഴ്സണായി **പ്രൊഫ.എൽ.താരാഭായി** യെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു .

| ക്രമ നം | പ്രതിനിധിയുടെ പേരും വിലാസവും | വിഭാഗം |
|---|---|---|
| 1 | പ്രൊഫ. എൽ. താരാഭായി ,സോഷ്യോളജി പ്രൊഫസർ (റിട്ട) , മധുരൈ കാമരാജ് സർവകലാശാല . ഐ .ഐ .എ ജി .ഐ .എ ക്ലാസ്സിക് യു .ആർ .നം 2, ഉപ്പളം റോഡ് , തിരുവനന്തപുരം . ഫോൺ : 9496174262 | നോൺ ഒഫീഷ്യൽ സോഷ്യൽ സയന്റിസ്റ്റ് |
| 2 | ഡോ .പി .പ്രതാപൻ , റ്റി .സി 42/944 ആൽഫാ മെറിറ്റ അപ്പാർട്മെന്റ്സ് , പൂജപ്പുര .പി ഓ. ഫോൺ : 9446176426 | നോൺ ഒഫീഷ്യൽ സോഷ്യൽ സയന്റിസ്റ്റ് |
| 3 | ശ്രീ. എൻ.കെ .സുനിൽ കുമാർ ,അസിസ്റ്റന്റ് പ്രൊഫസർ, സോഷ്യോളജി മഹാത്മാ ഗാന്ധി കോളേജ്, തിരുവനന്തപുരം, ഫോൺ : 9946604403 | എക്സ്പെർട്ട് ഓൺ റീഹാബിലിറ്റേഷൻ |
| 4 | ശ്രീമതി.ഷീജ. സ്പെഷ്യൽ തഹസിൽദാർ , കിഫ്ബി യൂണിറ്റ് 1 ഫോൺ : 9446031604 | എക്സ്പെർട്ട് ഓൺ റീഹാബിലിറ്റേഷൻ |
| 5 | ശ്രീ. ശരത് കുമാർ ഫോൺ : 9895136602 | പൂവാർ വാർഡ് കൗൺസിലർ |
| 6 | ശ്രീമതി . ആശാ.ബി ഫോൺ 8891911571 | കോട്ടുകാൽ വാർഡ് കൗൺസിലർ |
| 7 | ശ്രീമതി. ബിനു.യു ഫോൺ : 9446439783 | ടെക്നിക്കൽ എക്സ്പെർട്ട് , കെ.ആർ.എഫ്.ബി |

(ഒപ്പ്/-)

**ജില്ലാ കളക്ടർ**

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)

പകർപ്പ്:

1) ബന്ധപ്പെട്ട വിദഗ്ധ സമിതി അംഗങ്ങൾക്ക്
2) സ്പെഷ്യൽ തഹസിൽദാർ , കിഫ്ബി യൂണിറ്റ് –1

3) എക്സിക്യൂട്ടീവ് എഞ്ചിനീയർ , കെ.ആർ.എഫ്.ബി
4) എൻ .ഐ . സി ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്
5) തിരുവനന്തപുരം നഗരസഭാ സെക്രട്ടറി
6) ഡയറക്ടർ , സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസ് .

nksunilkumar.kumar
@gmail.com